# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 982 — 30.01.2019 -ലെ മറുപടി

### മഴക്കാലപൂർവ്വ ശുചീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ആമയിഴഞ്ചാൻ തോട് ഉൾപ്പെടെ ഉള്ള തിരുവനന്തപുരം നഗരത്തിലെ തോടുകളിൽ മഴക്കാലപൂർവ്വ ശുചീകരണം യുദ്ധകാലാടിസ്ഥാനത്തിൽ തുടങ്ങുവാൻ 18.6.2017-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിരുന്നോ;<br><br>(ബി) എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | 18/06/2017-ൽ ഈ വിഷയത്തിൽ ഒരു യോഗം നടന്നിട്ടില്ല. വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ആമയിഴഞ്ചാൻ തോടിനെയും അനുബന്ധ തോടുകളേയും, കരമന കിള്ളിയാർ എന്നീ നദികളെയും ചേർത്ത് ഒരു സമഗ്ര പദ്ധതി RITES ന്റെ പഠനത്തിന് അനുസൃതമായി തയ്യാറാക്കി വരികയാണ്. ഇതിൽ ആമയിഴഞ്ചാൻ തോടിൽ ഉള്ള മണ്ണും എക്കലും നീക്കാൻ ഉള്ള നടപടികളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഉള്ളൂർ തോടിന്റെ കുഴിവയൽ മുതൽ തൈക്കൂട്ടം വരെയുള്ള ഭാഗത്ത് എക്കൽ അടിഞ്ഞുകൂടിയത് മൂലവും തോടിനുള്ളിൽ വാഴയും മറ്റും കൃഷിചെയ്യുന്നത് മൂലവും വെള്ളം സുഗമമായി ഒഴുകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) ഈ ഭാഗത്തെ തോടിലെ എക്കലും മാലിന്യവും നീക്കം ചെയ്ത് ആഴം കൂട്ടി തോട് വൃത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) യും (ഡി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഭാഗത്ത് നിലവിൽ കരാറുകാരൻ ഏറ്റെടുത്ത ഒരു പ്രവൃത്തി സ്തംഭനാവസ്ഥയിലാണ്. പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാനും അല്ലാത്ത പക്ഷം കരാർ റദ്ദ് ചെയ്ത് ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ബന്ധപ്പെട്ട ഫീൽഡ് ഉദ്യോഗസ്ഥർക്ക് ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ